LIBRARY ARCHIVES Kerala Legislative Assembly

കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ കല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

250 (3686) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വികസന വകുപ്പിന്റെ 2014-15 വർഷത്തെ പ്രത്യേക ഘടക പദ്ധതിയ്ക്കായുള്ള കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ കല്യാശ്ശേരി മണ്ഡലത്തിലെ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

പട്ടികജാതി വികസന വകുപ്പിന്റെ 2014-15 വർഷത്തെ പ്രത്യേക ഘടക പദ്ധതിയ്ക്കായുള്ള കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. ചിടങ്ങിൽ കോളനി പാർശ്വഭിത്തി (ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്)	പ്രവൃത്തി ആരംഭിച്ചിട്ടില്ല
2. അവിഞ്ഞിയിൽ കോളനി റോഡ് (ചെറുതാഴം ഗ്രാമ പഞ്ചായത്ത്)	
3. അരിയിൽച്ചാൽ വൈദ്യുതീകരണം (മാട്ടൂർ ഗ്രാമ പഞ്ചായത്ത്)	പ്രവൃത്തി പൂർത്തിയായി
4. മാങ്ങാട് കോളനി വൈദ്യുതീകരണം (കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്)	

മണ്ണൂപുറം പട്ടികജാതി കോളനിയിലെ വികസന പ്രവർത്തനങ്ങൾ

251 (3687) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിലെ മണ്ണൂപുറം പട്ടികജാതി കോളനിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്; ആരാണ് കരാറുകാരൻ കരാർ പ്രകാരം പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കേണ്ടതുണ്ട്;

(സി) കോളനിയിലെ വികസന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മണ്ണമ്പുറം പട്ടികജാതി കോളനിയില ഭവന പുനരുദ്ധാരണം, റോഡ് ടാറിംഗ്, റീറ്റെയിനിംഗ് വാൾ, ഇന്റർലോക്ക്, കമ്മ്യൂണിറ്റി ഹാൾ, സോളാർ ലൈറ്റ് എന്നീ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതിൽ 32 ഭവന പുനരുദ്ധാരണം, 650 മീറ്റർ ഇന്റർലോക്ക്, 10 സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഒരു കോടി രൂപ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ കരാർ പ്രകാരം 2013-14 മാർച്ച് മാസം പൂർത്തിയാക്കേണ്ടതായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളനി നിവാസികളുടെ നിസ്സഹകരണവും കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനായി അനുവദിച്ച സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച തർക്കവും കാരണമാണ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തത്.

ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

252 (3688) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് നടപ്പാക്കിയതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടേയും വിതരണം ചെയ്തിട്ടുള്ളതും നടപ്പാക്കി ക്കൊണ്ടിരിക്കുന്നതുമായ വിവിധ സഹായങ്ങളുടേയും വിശദാംശങ്ങൾ (ഗുണഭോക്താക്കളുടെ പേരും വിലാസവും സഹിതം) വ്യക്തമാക്കുമോ ;

(ബി) വിവിധ പദ്ധതികളിലായി എന്ത് തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly